"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭാരതീയ ചികിത്സാ വകുപ്പ്- കോവിഡ് ബാധിച്ച് തുടർ ചികിത്സയിലിരിക്കെ മരണപ്പെട്ടിട്ടുള്ള കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ സർക്കാർ ആയുർവേദ ആശുപത്രിയിലെ നഴ്സ് ഗ്രേഡ്-II ശ്രീ. പി. ശ്രീജേഷിന്റെ ചികിത്സാ കാലഘട്ടം -സ്പെഷ്യൽ കാഷൽ ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ്(എ) വകുപ്പ്**

സ.ഉ.(സാധാ) നം.184/2024/AYUSH തീയതി,തിരുവനന്തപുരം, 24-05-2024

---

പരാമർശം:- 1. 03/06/2021ലെ സ.ഉ.(സാധാ) നം.452/2021/ഡിഎംഡി നം. ഉത്തരവ്

2. ഭാരതീയ ചികിത്സാ വകുപ്പ ഡയറക്ടറുടെ 3.08.2022 ലെ DISM/893/2022-E2 നം. കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ സർക്കാർ ആയുർവേദ ആശുപത്രിയിലെ നഴ്സ് ഗ്രേഡ്-II ശ്രീ. പി. ശ്രീജേഷ് കോവിഡ് കാലഘട്ടത്തിൽ സി.എഫ്.എൽ.ടി.സിയിൽ ഔദ്യോഗിക ഡ്യൂട്ടിയിലിരിക്കെ കോവിഡ് ബാധിച്ചിട്ടുള്ളതും തുടർ ചികിത്സയിലിരിക്കെ മരണപ്പെട്ടിട്ടുള്ളതാണെന്നും, ടിയാൾക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ 05.05.2021 മുതൽ 20.06.2021 വരെയുള്ള 47 ദിവസത്തെ ചികിത്സാ കാലഘട്ടം സ്പെഷ്യൽ കാഷൽ ലീവ് അനുവദിക്കണമെന്നും പരാമർശം-2 കത്ത് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കോവിഡ് കാലഘട്ടത്തിൽ സി.എഫ്.എൽ.ടി.സിയിൽ ഔദ്യോഗിക ഡ്യൂട്ടിയിലിരിക്കെ കോവിഡ് ബാധിച്ച് തുടർ ചികിത്സയിലിരിക്കെ മരണപ്പെട്ടിട്ടുള്ള കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ സർക്കാർ ആയുർവേദ ആശുപത്രിയിലെ നഴ്സ് ഗ്രേഡ്-II ശ്രീ. പി. ശ്രീജേഷിന് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ 05.05.2021 മുതൽ 20.06.2021 വരെ 47 ദിവസം പരാമർശം-1 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്പെഷ്യൽ കാഷൽ ലീവ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAMEER KUMAR O J
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ,ഭാരതീയ ചികിത്സാവകുപ്പ്,തിരുവനന്തപുരം
ശ്രീ. പി. ശ്രീജേഷ്,നഴ്സ് ഗ്രേഡ്-II,സർക്കാർ ആയുർവേദ ആശുപത്രി, ചെറുവണ്ണൂർ, കോഴിക്കോട് (ഭാരതീയചികിത്സാ വകുപ്പ ഡയറക്ടർ മുഖേന)

ദുരന്ത നിവാരണ വകുപ്പ്(DMA2/91/2024/DMD തീയതി 30.04.2024)

ധനകാര്യ വകുപ്പ് (യു.ഒ നം.2194244/ HLT-B3/425/2022-FIN തീയതി 01.11.2022)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ),കേരള,തിരുവനന്തപുരം

വെബ് &ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)

സ്റ്റോക്ക്ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
സെക്ഷൻ ഓഫീസർ
Date: 24-05-2024 16:39:48